"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭാ പരിധിയിൽ നിലവിലുള്ള കാലപ്പഴക്കമേറിയ സ്ട്രീറ്റ് ഷോപ്പുകൾ പൊളിച്ച് മാറ്റി ആധുനിക രീതിയിലുള്ള സ്ട്രീറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.1217/2020/LSGD തീയതി,തിരുവനന്തപുരം, 22/06/2020

---

പരാമർശം:- 1 29.07.2009-ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.147/2009/ത.സ്വ.ഭ..

2 നഗരകാര്യ ഡയറക്ടറുടെ 13/05/2020-ലെ ഡി.സി3/4134/2020 നം. കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭാ പരിധിയിൽ നിലവിലുള്ള കാലപ്പഴക്കമേറിയ സ്ട്രീറ്റ് ഷോപ്പുകൾ പൊളിച്ച് മാറ്റി ആധുനിക രീതിയിലുള്ള സ്ട്രീറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 5,40,00,000/-രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതിയ്ക്കായി ഗുരുവായൂർ നഗരസഭ സമർപ്പിച്ച അപേക്ഷ പരാമർ ശം ( 2 ) പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗുരുവായൂർ നഗരസഭാ പരിധിയിൽ നിലവിലുള്ള കാലപ്പഴക്കമേറിയ സ്ട്രീറ്റ് ഷോപ്പുകൾ പൊളിച്ച് മാറ്റി ആധുനിക രീതിയിലുള്ള സ്ട്രീറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിയ്ക്കുന്ന സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, 9.19% പലിശ നിരക്കിൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 5,40,00,000/-രൂപ (അഞ്ച് കോടി നാല്പത് ലക്ഷം രൂപ മാത്രം) വായ്പ എടുക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയോടെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ ( 3 ) പ്രകാരം ഗുരുവായൂർ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

നഗരസഭ ചെയർ പേഴ്സൺ, ഗുരുവായൂർ നഗരസഭ.

നഗരസഭ സെക്രട്ടറി, ഗുരുവായൂർ നഗരസഭ.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുര.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം.

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ